LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ ചോദ്യത്തിൽ കല്ലൊരത്തൊഴിലാളികൾ എന്നാണ് പറഞ്ഞിരിക്കുന്നത്. കല്ല് + ഉര = കല്ലുര എന്നാണ് വരേണ്ടത്. തെറ്റായ ചോദ്യത്തിന് മറുപടി പറയുന്നത്.....

ഡെ: സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യത്തിൽ തെറ്റു വന്നിട്ടുണ്ടെങ്കിൽ ഇവിടെ പറഞ്ഞാൽ മതി. മന്ത്രിയോടു പറയേണ്ട.

ശ്രീ. കെ. കെ. അബ്ബു: കല്ലൊരത്തൊഴിലാളികൾ ഒൻപതിനായിരം പേരുണ്ടെന്നു പറയുന്നതുകേട്ടു. ഇതിനെ സംബന്ധിച്ച് വ്യക്തമായി വല്ല കണക്കും ഉണ്ടോ; തൃശ്ശൂർ ഡിസ്ട്രിക്ടിൽ മാത്രം ഇത്രയധികം തൊഴിലാളികൾ ഉണ്ടാകാൻ വല്ല കാരണവും ഉണ്ടോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഈ വ്യവസായത്തിന് ചില പ്രത്യേക സാഹചര്യങ്ങൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഉണ്ടായിരുന്നു. എണ്ണം ചിലപ്പോൾ അതിശയോക്തിയായിരിക്കാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): തൃശ്ശൂർ ഡിസ്ട്രിക്ടിൽ മാത്രമല്ല പാലക്കാടു ഡിസ്ട്രിക്ടിന്റെ പല ഭാഗങ്ങളിലും ഈ തൊഴിലാളികൾ ധാരാളമായി ഉണ്ട്. അവിടെ ഈ വ്യവസായം നടക്കുന്നത് സംഘടിത വ്യവസായമായിട്ടാണോ കുടിൽ വ്യവസായമായിട്ടാണോ എന്ന് ഗവൺമെന്റിനറിയാമോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഇത് സാധാരണ കുടിൽ വ്യവസായമായിട്ടു നടത്തുന്നതായിട്ടാണ് അറിയുന്നത്. പക്ഷേ കുടിലുകളിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കും.

സഹകരണസംഘങ്ങളിൽ നടക്കുന്ന അഴിമതികൾ

* 273 [960] ശ്രീ. എ. എസ്. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിൽ നടക്കുന്ന അഴിമതികൾ ഇല്ലാതാക്കുന്നതിനു പുതുതായി എന്തെങ്കിലും നടപടിക്രമങ്ങൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സഹകരണസംഘങ്ങളിൽ നടന്ന എത്ര അഴിമതികൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്;

(സി) അഴിമതി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പേരു വിവരം മേശപ്പുറത്തുവയ്ക്കുമോ;

(ഡി) അഴിമതിക്കു വിധേയരായ സംഘങ്ങളുടേയോ ഭാരവാഹികളുടേയോ പേരിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അങ്ങനെയുള്ള സംഘങ്ങളുടേയും ഭാരവാഹികളുടേയും പേര് വ്യക്തമാക്കുമോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്):

(എ) അഴിമതിയില്ലാതാക്കുന്നതിന് പരിശോധനയും ആഡിറ്റും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) 119 അഴിമതികൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഡി) ഭൂരിഭാഗം കേസുകളും പോലീസ് അന്വേഷണത്തിലും മറ്റുള്ളവ കോടതിയിൽ വിചാരണയിലുമാണ്.

(ഇ) സംഘങ്ങളുടെ പേരുവിവരം മേശപ്പുറത്തുവച്ചിട്ടുണ്ട്. ഓരോ വാഹികളുടെ പേരുവിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പി. രവീന്ദ്രൻ: സഹകരണ സംഘങ്ങളിൽ നടക്കുന്ന പണാപഹരണത്തെ സംബന്ധിച്ച് പോലീസിന് റിപ്പോർട്ടയച്ചാലും ഇക്കാര്യത്തിൽ ഊർജിതമായ നടപടികൾ എടുക്കുന്നതിന് പലപ്പോഴും പോലീസ് ഡിപ്പാർട്ടുമെൻറ് അനാസ്ഥ കാണിച്ചു വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പെട്ടിട്ടുണ്ട്. ഒന്നുരണ്ടു കാരണങ്ങളാണ് ഇതിന് പോലീസ് പറയുന്നത്. ഒന്ന് വ്യക്തമായ ആഡിറ്റ് റിപ്പോർട്ട് ഉണ്ടായിക്കഴിയണം. അതു നിശ്ചയിക്കുന്നതുവരെ നീട്ടിക്കൊണ്ടുപോകേണ്ടിവരുന്നതാണ്. മറ്റൊന്ന് നിയമത്തിൽ ആവശ്യമായ നിബന്ധനകൾ കാണുന്നില്ല. അതുകൊണ്ട് പലതും നിയമത്തിന്റെ സ്കോപ്പിൽനിന്ന് പുറത്തു പോകുന്നു. നിയമം പാസ്സായതോടുകൂടി ഈ കുഴപ്പം തീർന്നിട്ടുണ്ട്. ആഡിറ്റ് വളരെ വേഗം പൂർത്തിയാക്കാൻ നടപടികൾ എടുക്കുന്നതുകൊണ്ട് ആ കുഴപ്പവും തീരുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പുതിയ സഹകരണ നിയമം പാസ്സായതനുസരിച്ച് പല നടപടികളും സ്വീകരിക്കാൻ പോലീസിനും ഡിപ്പാർട്ടുമെൻറിനും കഴിയും. അതുകൊണ്ട് ഇപ്പോൾ പെൻറിംഗായി കിടക്കുന്ന കേസുകളിൽ വളരെ വേഗം നടപടികൾ എടുക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആക്ടനുസരിച്ചുള്ള നടപടികളും പോലീസന്വേഷണത്തിന് വിധേയമാക്കുന്നതിനുള്ള നടപടികളും നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതുതായിട്ട് ഓരോന്ന് എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: അഴിമതി ഇല്ലാതാക്കുന്നതിനെ സംബന്ധിച്ചാണ് ചോദ്യം. ഗവൺമെൻറ് ലവലിൽ മന്ത്രിമാർക്കെതിരായി ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും, ആ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഗവൺമെൻറ് വിമുഖത കാണിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗവൺമെൻറിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഗവൺമെൻറ് ധനസഹായം ചെയ്യുന്ന സ്ഥാപനങ്ങളിലും നടക്കുന്ന അഴിമതികളെ തടയാൻ കഴിയുമെന്നു വിചാരിക്കുന്നുണ്ടോ ?

ഡെ: സ്പീക്കർ: ഈ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): സഹകരണ സംഘങ്ങളുടെ അഴിമതിയെക്കുറിച്ച് പറയുമ്പോൾ, പാലക്കാട് കൺസ്യൂമർ സ്റ്റോറർ പിരിച്ചുവിടാൻ എന്തു സാഹചര്യമാണുണ്ടായത് ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: വ്യക്തമായ വിവരമില്ല. പക്ഷേ അവിടെയുള്ള ഡയറക്ടറന്മാർ രാജിവയ്ക്കുകയാണ് ചെയ്തതെന്നാണറിവ്.

---

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സൊസൈറ്റികളിലെ ധനാപഹരണങ്ങളെ സംബന്ധിച്ചിടത്തോളം പോലീസിന് ആഡിറ്റ് റിപ്പോർട്ട് കിട്ടാത്തതുകൊണ്ട് ചാർജു ചെയ്യാൻ ഒക്കുന്നില്ല എന്നുള്ള കാര്യത്തെ പരിഗണിച്ചുകൊണ്ട് സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രോസിക്യൂഷൻ കേസു നടത്താൻ സാധിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതു സാധിക്കുകയില്ല. സഹകരണ സംഘങ്ങളിലെ പണാപഹരണത്തെ സംബന്ധിച്ചിടത്തോളം പലപ്പോഴും ഉദ്യോഗസ്ഥന്മാർക്ക് സുശക്തമായ നടപടികൾ എടുക്കുന്നതിന് സാധിക്കാതെ വരുന്നുണ്ട്. അതു പരിഹരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുന്നതിനും കേസു നടത്തുന്നതിന് പ്രോസിക്യൂഷന് ആവശ്യമായ ഉപദേശം കൊടുക്കുന്നതിനും ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെ സാധിക്കുമോ എന്നുള്ള കാര്യം പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. കുഞ്ഞൻ: തലപ്പള്ളി താലൂക്കിൽ മുല്ലൂർക്കര സഹകരണ സംഘത്തിൽ നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പരിശോധിക്കാതെ പറയാൻ ഒക്കുകയില്ല.

ശ്രീ. എസ്. ദാമോദരൻ: സഹകരണ സംഘങ്ങളിലെ സാമ്പത്തികമായ ക്രമക്കേടുകളെ സംബന്ധിച്ച് തക്കസമയത്ത് അന്വേഷിക്കാതിരിക്കുന്നതിന്റെ ഫലമായി പല സഹകരണ സംഘങ്ങളുടെയും പ്രവർത്തനം സ്തംഭനത്തിൽ ആകുന്നതിനെ പരിഗണിച്ച് സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശരിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: വേണ്ടതു ചെയ്യാം.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: പല സഹകരണ സംഘങ്ങളിലും അഴിമതി നടക്കുന്നതിനെ പരിഗണിച്ച് സ്പെഷ്യൽ ആഡിറ്റർമാരെ നിയമിച്ച് പോലീസിനെ സഹായിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആഡിറ്റർമാരുടെ കുറവ് വളരെയധികം വിഷമം ഉണ്ടാക്കുന്നുണ്ട്. വളരെയധികം അരിയേഴ്സ് തീർക്കാനുണ്ട്. ഇത്തരം സന്ദർഭങ്ങളുണ്ടായാൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ പോയി ആഡിറ്റിനു മേലന്വേഷണം നടത്താനുള്ള നിർദ്ദേശം കൊടുക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. പുരുഷോത്തമൻ പിള്ള: ടോങ്കിയാ കൃഷി ചെയ്യുന്നതിന് ഗവൺമെൻറിൽനിന്ന് ഏറ്റു വാങ്ങിയ ഭൂമിയുടെ വിതരണത്തിൽ ഏറ്റവും ഗുരുതരമായ ചില ക്രമക്കേടുകൾ കാണിച്ചതായി സഹകരണ സംഘങ്ങളിൽ നിന്നും പരാതി കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അങ്ങനെയൊരു വിവരമില്ല. ബഹുമാനപ്പെട്ട മെമ്പർതന്നെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇത്തരം ഒരു പ്രശ്നം ഉന്നയിച്ചിരുന്നു. അതനുസരിച്ച് നടപടി എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പി. ഗംഗാധരൻ: സഹകരണ സംഘങ്ങളിൽ ഉണ്ടാവുന്ന പണാപഹരണം മുതലായ കാര്യങ്ങളിൽ പോലീസ് ഉടനടി നടപടികളും എടുക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു അതിപ്പോൾ തീർന്നു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ഇതനുസരിച്ച് കാര്യങ്ങളും മുന്നോട്ടു നീങ്ങുന്നില്ല എന്നുള്ളതാണ് അനുഭവം. ഇക്കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധ ചെലുത്താമെന്നു പറഞ്ഞു. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും മറ്റുംതന്നെ ഈ പണാപഹരണത്തിൻെറ കാര്യത്തിൽ പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികളും നീട്ടിക്കൊണ്ടു പോകുന്നുണ്ട്. ഈ വക കാര്യങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ നിയമം വന്നതിനുശേഷവും ഇതിനൊരു പരിഹാരം കാണാത്തതുകൊണ്ട് ഗവൺമെൻറിൻെറ ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ കാര്യങ്ങളും ഈ പറഞ്ഞ നിലപാടിൽ കൂടിയല്ലെങ്കിലും അൽപം കുറെ കാലതാമസം വന്നുപോകുന്നുണ്ടെന്നുള്ളതു ശരിയാണ്. പ്രധാന കാരണം ധനാപഹരണം നടന്നാൽ ക്രിമിനൽ നടപടികളും എടുക്കുന്നതിനും പറഞ്ഞസംഖ്യ വസൂലാക്കാനും വിഷമം നേരിടും. ഡയറക്ടർ ബോഡിയെസംബന്ധിച്ചാണെങ്കിൽ ഷുവർട്ടിയില്ല. മറ്റുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം തുച്ഛമായ ഷുവർട്ടി ഉണ്ടായെന്നുവരും. സംഖ്യ തിരിച്ചു പിടിക്കാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചറിയുന്നതിനും അൽപസമയം പിടിക്കും. അതാവശ്യമില്ലെന്നും പോലീസ് നടപടിയും ആർബിട്രേഷൻ നടപടിയും നടത്തി സംഖ്യ വസൂലാക്കാനുള്ള നടപടികളും സ്വീകരിക്കാവുന്നതാണെന്നും കാലതാമസം വരരുതെന്നും ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂരിലെ സൊസൈറ്റിയിൽ അപ്പാർഡു വന്നിട്ടും അഞ്ചിട്ടു പണാപഹരണങ്ങളും നടന്നിട്ടുണ്ട്. ഇതിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ട്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സൊസൈറ്റികളും തന്നെ വളരെ താൽപ്പര്യത്തോടുകൂടി പരിശോധനാ നടപടികളും എടുക്കുമെന്നാണ് എൻെറ വിശ്വാസം. അപ്പാർഡു കിട്ടിക്കഴിഞ്ഞാൽ സൊസൈറ്റിതന്നെ വ്യഗ്രത കാണിക്കും.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂരിലെ ഹോംസെയിൽ സൊസൈറ്റിയെ സംബന്ധിച്ച് ഗുരുതരമായ ആവലാതികളും ഈ സഭയിൽ തന്നെ ഉന്നയിക്കുകയും അതിനെത്തുടർന്ന് അഴിമതി അന്വേഷണ വകുപ്പ് ഗുരുതരമായ ക്രമക്കേടുകളും ഉണ്ടെന്നു കണ്ടുപിടിക്കുകയും ചെയ്തതിനു ശേഷവും അതിൻെറ ഡയറക്ടർ ബോർഡുതന്നെ തുടരുന്നതായി അറിയാമോ ; അടിയന്തിരമായിട്ട് അവരെ മാറ്റിയിട്ട് ആ സൊസൈറ്റിയിൽ മറെറന്തെങ്കിലും ഏർപ്പാടുണ്ടാക്കുന്നതിന് നടപടി എടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: തൃശ്ശൂരിലെ ഹോംസെയിൽ സൊസൈറ്റിയിലെ ഡയറക്ടർ ബോർഡ് ഇപ്പോളം നിലവിലില്ല. തിരഞ്ഞെടുപ്പു സംബന്ധമായി കേസുണ്ടായിട്ടുണ്ട്. നിലവിലുള്ള ഡയറക്ടർ ബോഡിക്ക് എക്സ്റ്റൻഷൻ കൊടുക്കാൻ ഗവൺമെൻറ് തയ്യാറില്ല. വിജിലൻസ് എൻക്വയറി റിപ്പോർട്ടിൽ ഡയറക്ടർമാർ ആരുംതന്നെ കുറ്റക്കാരല്ലെന്നും ഒന്നുരണ്ട് ഉദ്യോഗസ്ഥൻമാർ മാത്രം കുറ്റക്കാരാണെന്നും പറഞ്ഞിട്ടുണ്ട്. രണ്ടാമത് ഡിപ്പാർട്ടുമെൻറ് മുഖേനയും വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ മുഖേനയും അന്വേഷണം നടത്തിയിട്ടുണ്ട്. ആദ്യത്തേതിനെ സ്ഥിരീകരിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് പിന്നെയും കിട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറിന് നടപടി എടുക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. എ. പി. ആര്യൻ: പോലീസ് എൻകൗണ്ടറിൽ നടത്തുന്ന അവസരത്തിൽ ഡയറക്ടർ ബോർഡിലുള്ളവരുടെ വീട് സർച്ചു ചെയ്തു വിദേശങ്ങളിൽ നിന്നും വന്നിട്ടുള്ള ചില സാധനങ്ങൾ എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ എടുത്ത സാധനങ്ങൾ എങ്ങനെയാണ് അവിടെ ചെന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ ചോദ്യം സൊസൈറ്റിയുടെ സ്കോപ്പിൽ പെടുന്നതല്ല.

ശ്രീ. കെ. ടി. ജോർജ്ജ്: പല സഹകരണ സംഘങ്ങളും ബൈലാ ഉണ്ടാക്കുന്ന അവസരത്തിൽ പരസ്പര വിരുദ്ധങ്ങളായ വകുപ്പുകൾ എഴുതിവയ്ക്കുന്നതുകൊണ്ട് പല കുറ്റങ്ങളും തെളിയിക്കപ്പെടാതെ പോകുന്നുണ്ട്. അതുകൊണ്ട് മേലിൽ ബൈലാ ഉണ്ടാക്കുന്ന അവസരത്തിൽ ആ പഴുതുകൾ അടയ്ക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതേ കാരണംകൊണ്ട് കുറെയധികം കേസ്സുകൾ പരാജയപ്പെട്ടിട്ടുള്ള കാര്യം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് നാം പാസ്സാക്കിയെടുത്ത നിയമത്തിൽ മിസ്അപ്രോപ്രിയേഷൻ എന്ന വകുപ്പിന്റെ പരിധിക്കുള്ളിൽ പണം മാറിവയ്ക്കുകയോ അനധികൃതമായി കൈയിൽ വയ്ക്കുകയോ ചെയ്യുന്നതുംകൂടി ഉൾപ്പെടുമെന്നു പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് ഗവൺമെൻറു വിശ്വസിക്കുന്നത്. പിന്നെ ഡിപ്പോസിറ്റു വാങ്ങിയ അതേ ഉദ്യോഗസ്ഥൻ തന്നെ കാഷ്യർ ആയി നിൽക്കാനുള്ള നിർദ്ദേശംകൂടി കൊടുക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. കെ. എം. മാണി: സഹകരണ സംഘങ്ങളിൽ അഴിമതി നടത്തിയതിനെ സംബന്ധിച്ച് കോടതിയിൽ നിലവിലിരുന്ന കേസ്സുകൾ പിൻവലിക്കുകയോ ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ ശിക്ഷ ഇളവു ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് അഴിമതിക്കെതിരായി ഈ ഡിപ്പാർട്ടുമെൻറു നടത്തുന്ന കുരിശു യുദ്ധത്തെ പരാജയപ്പെടുത്തുന്നതല്ലേ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതു പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. കെ. ശേഷൻ: തൃശ്ശൂർ ജില്ലാ ഉപഭോക്തൃ സഹകരണ സംഘത്തിൽ ആദ്യം ഒരു കേസ്സുണ്ടായി. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ അടുത്ത കാലത്ത് കുറെ കൃത്രിമങ്ങൾ ടെക്സ്റ്റൈൽ വകുപ്പിൽ കണ്ടുപിടിച്ചതിനെത്തുടർന്ന് ആറുപേരെ സസ്പെൻറു ചെയ്തിട്ടുണ്ട്. അതേത്തുടർന്നുള്ള നടപടി എത്രത്തോളമായിയെന്നു പറയാമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സസ്പെൻറു ചെയ്യപ്പെട്ടവർ പോലീസ് അന്വേഷണത്തിനും ഡിപ്പാർട്ടുമെൻറൽ അന്വേഷണത്തിനും വിധേയരായി നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻ നായർ: എല്ലാ സഹകരണ സംഘങ്ങളുടേയും ആഡിറ്റു നടത്തുമ്പോഴും സ്റ്റോക്കു വാല്യൂ ആണ് തിട്ടപ്പെടുത്തുന്നത്. സാധനങ്ങളുടെ പട്ടിക പരിശോധിക്കുമ്പോഴും ഒരു കാലഘട്ടത്തിൽ പരിശോധിച്ച അതേ സാധനങ്ങളും തന്നെയാണോ പിന്നീടുള്ള പരിശോധനാ സമയത്തും ഉള്ളതെന്നു പരിശോധിക്കാതിരിക്കുന്നുണ്ട്. അതുകൊണ്ട് സ്റ്റോക്കു വാല്യൂവിന്റെ അടിസ്ഥാനത്തിൽ മാത്രം ആഡിറ്റു നടത്തുന്ന സംപ്രദായത്തിൽ മാറ്റം വരുത്തി സാധനങ്ങളുടെ കൂടി പരിശോധന നടത്തി സ്റ്റോക്കു രജിസ്റ്ററിൽ തിട്ടപ്പെടുത്തുന്ന ഒരേർപ്പാടു കർശനമാക്കാൻ ഗവൺമെന്റു നിർദ്ദേശം നൽകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ വസ്തുതയെ സംബന്ധിച്ച് എനിക്ക് നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാം.

ശ്രീ. പി. കുഞ്ഞൻ: മെമ്പറൻമാരും ഡയറക്ടർമാരും ഇല്ലാതെ ഗാന്ധി സേവാസംഘം സഹകരണസംഘം നടത്തുന്നതിന്റെ പേരിൽ അഴിമതി നടക്കുന്നുണ്ടെന്നും അന്വേഷണം നടത്തണമെന്നും കാണിച്ച് ഗവൺമെന്റിനു വല്ലനിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല. എന്നാൽ ഗാന്ധി സേവാസംഘത്തെപ്പറ്റി ആരോപണങ്ങളും വന്നിരുന്നുവെന്നും അതിനെപ്പറ്റി അന്വേഷിക്കാൻ കൊടുത്തുവെന്നുമാണ് എന്റെ നേരിയ ഓർമ്മ.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: തൃശ്ശൂർ ചൂണ്ടൽ ഗ്രാമവ്യവസായ സഹകരണ സംഘത്തിന്റെ മുൻ പ്രസിഡൻറായിരുന്ന ദേഹം 25,000 രൂപ സ്വന്തം കീശയിലാക്കിയിട്ടുണ്ടെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി ഗവൺമെന്റു സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അത് ആർബിട്രേഷനിൽ ഇരിക്കുകയാണെന്നാണ് ഗവൺമെന്റിന്റെ ഓർമ്മ. ആ സംഘം സൂപ്പർസീഡു ചെയ്യുകയുണ്ടായി. അതിനുശേഷം റെക്ടിഫിക്കേഷൻ ഓഫീസർ ആ സംഖ്യ ഈടാക്കാൻ വേണ്ടി ആർബിട്രേഷൻ ഫയൽ ചെയ്തു. അത് ഡെപ്യൂട്ടി രജിസ്ട്രാരുടെ കൈയിലിരിക്കുകയാണ്. അങ്ങനെ ഫയൽ ചെയ്ത സമയത്ത് അപ്പീൽ ഹർജി ഉണ്ടായി. അതു ഗവൺമെന്റ് തള്ളിക്കളഞ്ഞു. അതനുസരിച്ച് ആർബിട്രേഷൻ പ്രൊസീഡിംഗ്സ് മുന്നോട്ടു കൊണ്ടുപോകുമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്.

മാനിലത്തിൽ ഉണവു നിലമെ

* 274. [961] ശ്രീ. എൻ. കണപതി: കീഴ് കാണും വിണ്ണക്കളുക്കു ഉണവു മന്തിരി അവർകൾ വിടൈ പകർവാർകളാക :

(എ) കേരള മാനിലത്തിറ്കു, 1969 ജനവരി 1-ന്തിയതി മുതൽ 1969 ആകസ്ട് 31-ന് തിയതി മുടിയ എവ്വളവു നെൽ, അരിചി, കോതുമൈ മുതലിയന മത്തിയ സർക്കാരിൽ ഇരുന്തും, ഏനൈയ മാനിലങ്കൾ ഏവ്വൈയുന്റിലും ഇരുന്തും വരവഴൈക്കപ്പട്ടന എന്റു കൂറലാമാ ;

(ബി) ഇന്ത താനിയങ്കൾ നമതു സർക്കാരിൻ കോടവുങ്കളിൽ തറ്പോതു എവ്വളവു സ്ടാക് ഇരുക്കിന്റന എന്റു കൂറപ്പടുമാ ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Vide Answer to Question No.** 273 (960) (*c*)]

Name and number of Co-operative Society

Trivandrum District

1. Kidarakuzhi M.P.C.S. No. 2516
2. Malloor Mukkola S.C.S. No. T 77
3. Ulloor S.C.S. No. 1230
4. Koliyoor Service Co-operative Society No. 2665
5. Government Press Employees C. S. No. 300
6. Kadinamkulam S.C.S. No. T 254
7. Andoorkonam S.C.S.
8. Pullambara S.C.S.
9. Nannattukara Joint Farming C.S.
10. Poovachal S.C.S.
11. Paruthyppally S.C.S.
12. Pangode S.C.S.
13. Edakkode S.C.S. No. 2523
14. Chemboor S.C.S. No. T 202
15. Korani M.P.C.S. No. 31
16. Keezhavallam M.P.C.S. No. 28
17. Aryad S.C.S.

Quilon District

18. Coastal Consumer C.S.
19. Cantonment Consumer C.S.
20. Uliyakovil Consumer C.S.
21. Perinad S.C. Bank No. 2354
22. Kundara Allied Industries Consumer C.S.
23. Monrothuruthu Nelmani M.P.C.S. No. 1465
24. Paravur Urban C.S. No. 1649
25. Mukundapuram S.C.S. No. 1593
26. Karunagappally S.C.S. No. 1343
27. Mynagappally S.C.S. No. Q 66
28. Pullikanakku S.C.S. No. 781
29. Kappil S.C.S. No. 1594
30. Desathinnakam Poultry C.S.
31. Clappana S.C.S. No. 867
32. Peringanadu S.C.S. No. 2796
33. Sasthancottah S.C.S. No. 2531
34. Suranadu Peoples S.C.S. No. 1136
35. Pattazhi S.C.S. No. 1023
36. Kulathupuzha S.C.S. No. 1867
37. Punaloor Harijan C.S. No. Q 401
38. Angadi S.C. Bank No. 2770
39. Naranganam S.C.S. No. 628

LIBRARY ARCHIVES Kerala Legislative Assembly

40. Ezhukone S.C.S. 2935
41. Chakkuvarakal S.C.S.
42. Edakadam S.C.S.
43. Velinalloor S.C.S.
44. Kottukal Philgari C.S. No. 4105
45. Chadayamangalam S.C.S. No. 1868

Alleppey District

46. Kannamangalam S.C.S. No. 2135
47. Pallipuram S.C.S. No. 335
48. Ramapuram S.C.S. No. 11

Kottayam District

49. Chenganacherry Tapioca Marketing C.S. No. 3817
50. Malanpara S.C.S. No. 1662
51. Vandanmedu Spices Marketing C.S.No. K. 190
52. Kaduthuruthy Regional S.C.B. No. 4062
53. Vadakara S.C.S. No. K 175
54. Ramapuram Regional S.C.B. No. 4111
55. Aymanam S.C.B. No. 750
56. Chenappady Regional S.C.B. No. 1267
57. Kottayam Wholesale Consumer Co-operative Stores No. K 162

Ernakulam District

58. Varapuzha S.C.B. Ltd. No. 1582
59. Ezhikara M.P.C.S. Ltd. No. 1988
60. Puthenkurushu Government Servant C.S. No. 153
61. Andikadavu M.P.C.S. No. 702
62. Naval Base Civilian Employees C.S. No. 4146
63. Vyttila S.C.S. No. E 181
64. Bharat Consumer Stores C.S. No. 3390
65. Ernakulam Consumer Stores No. E 90
66. Muvattupuzha Rubber Marketing C.S. No. 3094
67. Kadavoor S.C.S. No. 1882
68. Maneed S.C.S. No. E 59
69. Kunnathunadu S.C.S. No. E 3

Trichur District

70. Annamanada S.C.S. No. 159
71. Ambalapad S.C.S. No. 759
72. Peringottukara S.C.S. No. 110
73. Kunnamkulam Town C.S. No. R 251
74. Mullassery S.C.S. No. R 280
75. Trichur District Co-operative Bank, Vadakkancherry Branch
76. Pullur C.S. No. 550
77. Erumapetty S.C.S. No. R 206

LIBRARY ARCHIVES Kerala Legislative Assembly

APPENDIX

78. Trichur Wholesale Co-operative Stores No. R 239
79. Anthikad C.S. No. 84
80. Vatanappilly S.C.S. No. F 211
81. Kuriachira S.C.S. No. 637
82. Kuzhur S.C.S. No. 540

Palghat District

83. Kodur S.C. Bank
84. Chandranagar House Building Society
85. Kazhani S.C.B.
86. Alamallur S.C.B.
87. Pattambi Co-operative Stores
88. Mannarghat S.C.B.
89. Perinthalmanna Co-operative Marketing Society
90. Vadakkancherry S.C.B.
91. Taroor S.C.B.
92. Pattancherri S.C.B.
93. Shoranoor S.C.B.

Kozhikode and Cannanore Districts

94. Checkode Panchayat S.C.S.
95. Karayad S.C.B.
96. Veeramangalam S.C.B.
97. Kotachery Co-operative Marketing Society
98. Udma S.C.B.
99. Chovva Co-operative Rural Bank
100. Kadirur Service Co-operative Bank
101. Tellicherry Co-operative Stores
102. Payyavoor S.C. Society
103. Kuttimakkool Banana Cultivators Co-operative Marketing Society
104. Tellicherry Co-operative Urban Bank
105. Kumbadji S.C.S.
106. Mayyil S.C.S.
107. Kolavallur S.C.S.
108. Chengalayi S.C.S.
109. Kodakad S.C.S.
110. Cannanore Co-operative Urban Bank
111. Peringome S.C.S.
112. Podavoor
113. Perora
114. Chedicherry M.P.C.S.
115. Eruvessery S.C.S.
116. Puzhathi M.P.C.S
117. Kolakad S.C.S.
118. Cannanore District Co-operative Central Bank
119. Kelakkam S.C.S.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly